ശ്രീ. സി. എഫ്. തോമസ്: ഇവിടെ ഇതുവരെ അതുവന്നിട്ടില്ല. ഇവിടെയെല്ലാം സമയത്തുതന്നെ കൊടുക്കുന്നുണ്ട്.

ശ്രീ. കെ. കെ. ഷാജു: എന്റെ മണ്ഡലത്തിലെ ഒരു പട്ടികജാതി സഹകരണ സംഘത്തിൽ ഖാദി ഗ്രാമ വ്യവസായ യൂണിറ്റിന്റെ സഹായത്തോടുകൂടി പുതിയ വ്യവസായ യൂണിറ്റ് ആരംഭിച്ചു. 1983-ലാണ് അത് ആരംഭിച്ചത്. അന്ന് പ്രവർത്തന മൂലധനം കൊടുക്കാതിരിക്കുന്നതുകൊണ്ടുതന്നെ ഈ വ്യവസായ യൂണിറ്റിന് പിന്നീട് പ്രവർത്തിക്കാൻ കഴിഞ്ഞില്ല. 23 വർഷങ്ങൾക്കുശേഷം ആ സഹകരണസംഘത്തിൽ അന്ന് അംഗങ്ങളായിരുന്ന 10 ആളുകളുടെ പേരിൽ ഇപ്പോൾ റിക്കവറി നടപടികൾ വന്നിരിക്കുകയാണ്. ആകെ 5 സെന്റ് സ്ഥലവും പഴകി ദ്രവിച്ച കുറച്ച് പലകയുമല്ലാതെ അവിടെ വേറെ സാധനങ്ങളൊന്നുമില്ല. ഇത്തരം യൂണിറ്റുകളൊന്നും തന്നെ ഇല്ലെങ്കിലും ബാധ്യതയിൽ നിന്നും ഒഴിവാക്കാനോ അതല്ലെങ്കിൽ ഇത് പുനഃരുദ്ധരിക്കുന്നതിന് ആവശ്യമായിട്ടുള്ള പണം നൽകുന്നതിനോ ഉള്ള നടപടികളെന്തെങ്കിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീ. സി. എഫ്. തോമസ്: ഇതിന്റെ ഡീറ്റെയിൽസ് സഹിതം പ്രത്യേകമായി തരികയാണെങ്കിൽ പ്രത്യേകമായി പരിശോധിക്കാം.

സംസ്ഥാനത്തെ അന്താരാഷ്ട്ര ടൂറിസം കേന്ദ്രങ്ങൾ

3 [*87] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാല് വർഷത്തിനിടയ്ക്ക് അന്താരാഷ്ട്ര ടൂറിസം കേന്ദ്രങ്ങളായി സംസ്ഥാനത്തെ ഏതെല്ലാം പ്രദേശങ്ങളെ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പ്രദേശങ്ങളിൽ ടൂറിസ്റ്റുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായി കേന്ദ്രത്തിൽ നിന്നും എന്തെല്ലാം സഹായങ്ങൾ ലഭിച്ചിട്ടുണ്ട്;

(സി) ഈ കേന്ദ്രങ്ങളുടെ വികസനത്തിനായി സംസ്ഥാന സർക്കാർ അനുവദിക്കുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, (എ & ബി): അന്താരാഷ്ട്ര ടൂറിസം കേന്ദ്രങ്ങളായി ടൂറിസം കേന്ദ്രങ്ങളെ പ്രഖ്യാപിക്കുന്ന പതിവ് കേന്ദ്ര സർക്കാരിനില്ല. എന്നാൽ സംസ്ഥാനങ്ങളിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനും കേന്ദ്ര ടൂറിസം വകുപ്പ് സംസ്ഥാന ടൂറിസം വകുപ്പിന് നേരിട്ട് ധനസഹായം നൽകുന്നുണ്ട്. ഇത്തരത്തിൽ കേന്ദ്രത്തിൽ നിന്ന് ധനസഹായം നേടിയെടുക്കുന്നതിൽ കേരളം ഏറ്റവും കൂടുതൽ ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത് ഈ സർക്കാരിന്റെ കാലത്താണ്. 2001-02-ൽ കേന്ദ്ര സഹായം കേവലം 5.50 കോടി രൂപയായിരുന്നുവെങ്കിൽ നടപ്പുസാമ്പത്തികവർഷം

LIBRARY ARCHIVES Kerala Legislative Assembly

48 കോടിയിൽപ്പരം രൂപ കേന്ദ്ര ധനസഹായം നേടിയെടുക്കുന്നതിന് സംസ്ഥാന ടൂറിസം വകുപ്പിന് കഴിഞ്ഞു. ഇതുകൂടാതെ 30 കോടി രൂപയുടെ പദ്ധതികൾ കൂടി അനുവദിക്കുന്നതിനുള്ള ഉറപ്പ് ഈ സാമ്പത്തിക വർഷം കേന്ദ്രത്തിൽ നിന്ന് ലഭിച്ചിട്ടുണ്ട്. 2002-03 മുതൽ നടപ്പുസാമ്പത്തിക വർഷംവരെ കേന്ദ്ര സർക്കാരിൽ നിന്ന് ധനസഹായം നേടിയെടുക്കാൻ സാധിച്ചിട്ടുള്ള പദ്ധതികളുടെ സംക്ഷിപ്തരൂപം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. †

(സി) സംസ്ഥാന സർക്കാർ കഴിഞ്ഞ നാല് വർഷങ്ങളിൽ ടൂറിസം പദ്ധതികൾക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

വർഷം	തുക
2002-03	64.30 കോടി
2003-04	61.35 കോടി
2004-05	66.65 കോടി
2005-06	86.25 കോടി

ശ്രീ. ബിനോയ് വിശ്വം: ഈ സർക്കാർ ടൂറിസം രംഗത്ത് വളരെ സുതാര്യമായ പല കാര്യങ്ങളും ചെയ്യാൻ ശ്രമിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ടൂറിസം രംഗത്ത് നടപ്പിലാക്കാൻ മുൻകൈ എടുക്കുകയും നടപ്പിലാക്കി എന്നെല്ലാവരും സമ്മതിക്കാൻ കഴിയുന്നതുമായ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ കൂറേ പ്രവർത്തനങ്ങൾ മുന്നോട്ടുനീക്കാൻ ഞങ്ങൾ പേപ്പറുകൾ നീക്കിയിട്ടുണ്ട്. 48 കോടി രൂപ ഇവിടെ കേന്ദ്ര സഹായമായി ലഭിച്ചു. ഇതിന്റെ വിനിയോഗത്തിന്റെ കാര്യത്തിൽ സംസ്ഥാന ടൂറിസം വകുപ്പ് ഭാവനാപൂർണ്ണമായി കേരളത്തിന്റെ ടൂറിസം പൊട്ടൻഷ്യൽ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാൻ തയ്യാറായി കാണുന്നില്ല. ഇതിനകത്ത് കാണുന്നത് construction of eight numbers of floating jetties at various points in the backwaters of Malabar region എന്നാണ്. അത് എവിടെയൊക്കെയാണെന്നും ഓരോന്നിനുവേണ്ടി എത്ര പണം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

ശ്രീ. കെ. സി. വേണുഗോപാൽ: അത് അപ്പുറത്തുള്ള പല മെമ്പർമാർക്കും അറിയാം. ബോട്ട് ജട്ടികൾ സ്ഥാപിക്കുന്നത് കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് ബേക്ക് വാട്ടറിന്റെ തീരത്താണ്. അതുപോലെ പയ്യന്നൂർ നിയോജക മണ്ഡലത്തിലുള്ള കൊറ്റി, ഹൈടെക് കടപ്പുറം തുടങ്ങി കോഴിക്കോട് അടക്കമുള്ള കേന്ദ്രങ്ങളിൽ ഏഴോളം ബോട്ട് ജട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. അതിലൊരു പ്രധാനപ്പെട്ട ദോഷം ഈ ബോട്ട് ജട്ടികൾ സ്ഥാപിക്കുന്നതിന് സി.ആർ.ഇസഡ്. (Coastal Regulation Zone)-ന്റെ ചില നിയമങ്ങൾ സംസ്ഥാനത്തിനെതിരായി വന്നിട്ടുണ്ട്. കാരണം അവരുടെകൂടി അനുമതി വേണ്ടിവരും. അപ്പോൾ സ്ഥലം കിട്ടുന്ന കാര്യത്തിൽ ചില ബുദ്ധിമുട്ടുകൾ വന്നിട്ടുണ്ട്. ഇതൊക്കെ പരിഹരിക്കുന്നതിന് ഒരു ചെറിയ കാലതാമസം ഉണ്ടായിട്ടുണ്ടെന്നുള്ളതല്ലാതെ ദ്രുതഗതിയിൽ ആ പരിപാടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

---

† അനുബന്ധം-I

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: 7 കോടി 16 ലക്ഷം രൂപയുടെ വർക്കാണ് അതിൽ പറയുന്നത്. അതിന് സി.ആർ.ഇസഡ്.-ന്റെ അനുവാദം കിട്ടിയിട്ടില്ല. ഒന്നും കിട്ടിയിട്ടില്ല. ലിസ്റ്റിൽ പേരുണ്ട്. ഇങ്ങനെയാണ് ടൂറിസത്തിന്റെ പോക്ക് എന്നുപറയുമ്പോൾ നമുക്കെല്ലാവർക്കും കഷ്ടമെന്നു പറയാതിരിക്കാൻ പറ്റുന്നില്ല. രണ്ടാമത്തെ ചോദ്യം മലബാർ മഹോത്സവം മലപ്പുറം മേഖലയിൽ വൻതോതിൽ ജനകീയ പിന്തുണ ആർജിച്ചുകൊണ്ട് മുമ്പോട്ടുപോകുന്ന വലിയ സാംസ്ക്കാരിക ടൂറിസം ഉത്സവമായി മാറിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന് കൊട്ടിഘോഷിക്കപ്പെട്ട എല്ലാ പിന്തുണയുമുണ്ടായിട്ടും കൊടുക്കുന്നത് ആകെ 5 ലക്ഷം രൂപയാണ്. 5 ലക്ഷം രൂപകൊണ്ട് ഒന്നിനും തികയുകയില്ല. ഗവൺമെന്റ് ദയവായി ആ സംഖ്യ 50 ലക്ഷം രൂപയായി വർദ്ധിപ്പിക്കുമോ എന്നാണ് എനിക്ക് അറിയേണ്ടത്.

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട അംഗം ഇത് പറയണമെന്നുവിചാരിച്ച് പറയുന്നതാണെന്ന് തോന്നുന്നില്ല. ഇന്നുവരെ മലബാർ മഹോത്സവത്തിന് ഒരു പൈസ സംസ്ഥാന ഗവൺമെന്റ് കൊടുത്തിട്ടില്ല. അത് കേന്ദ്ര ഗവൺമെന്റിന്റെ സഹായം കിട്ടുന്ന ഒരു പദ്ധതിയാണ്. മലബാർ മഹോത്സവം തുടങ്ങിയ കാലംമുതൽ കേന്ദ്ര ഗവൺമെന്റ് ഇതിന് സഹായം കൊടുക്കുന്നു. കേന്ദ്ര ഗവൺമെന്റ് നാല് ലക്ഷം രൂപ എല്ലാവർഷവും കൊടുക്കാറുണ്ട്.. കഴിഞ്ഞ വർഷം നടത്താൻ പറ്റിയിട്ടില്ല, അതുകൊണ്ട് കിട്ടിയില്ല. പക്ഷേ ഈ വർഷം ആദ്യമായി അവിടെയുള്ള ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സുജനപാൽ അടക്കമുള്ള ആളുകളുടെ ആവശ്യം മാനിച്ച്, ജില്ലാ കളക്ടറുടെ ആവശ്യം മാനിച്ച് 5 ലക്ഷം രൂപ സംസ്ഥാന ടൂറിസം വകുപ്പ് അധികമായി കൊടുത്തു. ഇന്നുവരെ കൊടുക്കാത്ത തുക കൊടുത്തു. ടൂറിസം വകുപ്പിന്റെ പ്രവർത്തനങ്ങളിൽ അങ്ങ് ഒരു ആത്മപരിശോധന നടത്തണം. കഴിഞ്ഞ കാലഘട്ടങ്ങളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ അവിടെതന്നെയുള്ള മെമ്പറോട് ചോദിച്ചാലറിയാം. തറക്കല്ലിടലും ഉത്ഘാടനവും നടത്തിയ പരിപാടികൾ ഏതു കാലഘട്ടത്തിലാണ് നടന്നതെന്ന് ഒന്ന് പരിശോധിക്കണം. ബഹുമാനപ്പെട്ട അങ്ങ് അപ്പുറത്തിരിക്കുന്ന മെമ്പർമാരോടുതന്നെ ചോദിക്കുക. ഇക്കാര്യത്തിൽ സാക്ഷിപത്രം അവിടെനിന്നുതന്നെ തരും.

ശ്രീ. ടി. എൻ. പ്രതാപൻ: സംസ്ഥാനത്തെ ടൂറിസം രംഗത്ത് അത്ഭുതകരമായ വളർച്ചയുണ്ടായ ഒരു കാലമാണ് ഇതെന്ന് പ്രത്യേകം പറയേണ്ടതില്ല. ടൂറിസം വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഡൈക്രട്ടറി ഉൾപ്പെടെയുള്ളവർ പങ്കെടുത്ത് ഒരു ചർച്ച നടത്തുകയുണ്ടായി. സംസ്ഥാനത്തെ 5 പ്രധാനപ്പെട്ട ഫെസ്റ്റിവലുകൾ, ഡിപ്പാർട്ടുമെന്റിന്റെ ഔദ്യോഗിക ഫെസ്റ്റിവലുകൾ സ്ഥിരമായി നടത്തുന്നതിനു വേണ്ടിയുള്ള ഒരു തീരുമാനം എടുക്കുകയുണ്ടായി. ഒരു ഗവൺമെന്റ് ഉത്തരവിലൂടെ കേരളത്തിലെ പ്രധാനപ്പെട്ട 5 ഫെസ്റ്റിവലുകൾ ഡിപ്പാർട്ടുമെന്റിന്റെ ഓദ്യോഗിക ഫെസ്റ്റിവലുകളായി സ്ഥിരമായി നടത്തുന്നതിനുവേണ്ടിയുള്ള തീരുമാനം നടപ്പിലാക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: അക്കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, മുഴിപ്പിലങ്ങാട് ബീച്ച് അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രം മാത്രമല്ല, ലോകത്തുതന്നെ ഏറ്റവും പ്രധാനപ്പെട്ട 5 കിലോമീറ്റർ ദൈർഘ്യമുള്ള `beach-in-tourist' എന്നുപറയുന്ന ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാണ്. അന്താരാഷ്ട്രമെന്നുപറഞ്ഞ് ചുരുക്കുകയല്ല, അതുപറയുമ്പോൾ അതിന്റെ വിലയങ്ങുപോകും. അതുകൊണ്ട് ആ ടൂറിസ്റ്റ് കേന്ദ്രത്തിന്റെ `beach-in-drive' എന്നുപറയുന്ന ഒരു പദ്ധതി അടിയന്തിരമായി നടപ്പിൽ വരുത്താൻവേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. സി. വേണുഗോപാൽ: കേന്ദ്രസഹായത്തിന് ഇപ്രാവശ്യം അപേക്ഷിച്ചു, അത് കിട്ടിയിരുന്നു. അതിൽ ഒരു പ്രധാനപ്പെട്ട ഏരിയ മുഴിപ്പിലങ്ങാടാണ്. മുഴിപ്പിലങ്ങാട് ബീച്ചിന്റെ നവീകരണത്തിന് ഇപ്പോൾതന്നെ നടപടികൾ സംസ്ഥാന ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ബീച്ചുകളുടെ സഹായത്തിനുവേണ്ടി മീൻകുന്ന്, പയ്യാമ്പലം, മുഴിപ്പിലങ്ങാട്, നാട്ടിക, ചെറായി, ശംഖുമുഖം എന്നീ ബീച്ചുകൾക്കുവേണ്ടിയാണ് 7.98 കോടി രൂപ കേന്ദ്രസഹായം കിട്ടിയിരിക്കുന്നത്. ഇതിനകത്ത് മുഴിപ്പിലങ്ങാട് ബീച്ചിനുവേണ്ടിക്കൂടിയാണ് രണ്ടുകോടിയിൽപ്പരം രൂപ ചെലവഴിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സുഭഗവും അകൃത്രിമവുമായ സൗന്ദര്യംകൊണ്ട് അനുഗ്രഹീതമായ പ്രകൃതിയാണ് അതിരപ്പിള്ളിയിലുള്ളത്. വനം, നദി, അനുകൂല കാലാവസ്ഥ, വെള്ളച്ചാട്ടം എല്ലാമുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ മാത്രം കുറവാണുള്ളത്. ആ സ്ഥിതിക്ക് അടിസ്ഥാന സൗകര്യങ്ങൾ കൂടിയുണ്ടാക്കി അതിരപ്പിള്ളിയെ കൂടുതൽ വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: അതിരപ്പിള്ളി വെള്ളച്ചാട്ടം വികസിപ്പിക്കുന്നതിനുവേണ്ടി 5 കോടി രൂപയുടെ കേന്ദ്രസഹായത്തോടുകൂടിയുള്ള ഒരു പദ്ധതി തുടങ്ങാനാണ് പോകുന്നത്. അടുത്തമാസം രണ്ടാം തീയതി അതിന് തറക്കല്ലിടുകയാണ്. അത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതാണ്. അതിരപ്പിള്ളി വെള്ളച്ചാട്ടംകൂടി വിനോദസഞ്ചാരത്തിന് ഉപയോഗിക്കുന്ന രീതിയിൽ ഒരു ബൃഹത്തായ പദ്ധതിയാണ് അവിടെ വരാൻ പോകുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—I

14-2-2006-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 3 [87] കാണുക.

DEPARTMENT OF TOURISM

Centrally Sponsored Schemes during 2002—2006

2002—2003

Sl. No.	*Project Name*	*Central Share* ₹	*Total Cost* ₹
1	Development of High Mast Lighting and Signages at Varkala Beach	25,00,000	25,00,000
2	Production of CD-ROMs and GIS Based Maps	36,00,000	72,00,000
3	Networking of Computers in Kerala	25,00,000	50,00,000
4	Refurbishment of Travancore Palace	1,50,00,000	1,50,00,000
5	Pay and Use Toilet at Kumarakom	16,00,000	16,00,000
6	National Boat Show 2002-2003	15,00,000	15,00,000
7	Elephant Festival 2002-2003	5,00,000	5,00,000
8	Pathway Lighting and Signages at Kovalam	30,00,000	30,00,000
9	Restoration of East Fort Heritage Area at Thiruvananthapuram	2,00,00,000	2,00,00,000
10	Rural Tourism at Kumbalangi	50,00,000	1,50,00,000
11	Facilitation Centre at Kochi	1,99,44,000	1,99,44,000
12	Construction of Boat Jetty Complex at Ernakulam	1,59,92,000	1,59,92,000
	Total	9,11,36,000	10,72,36,000

2/334/2012—31

LIBRARY ARCHIVES Kerala Legislative Assembly

2003—2004

Sl. No.	*Project Name*	*Central Share* ₹	*Total Cost* ₹
1	Production of Virtual Walkthrough Intractive CD-ROM a day with Masters	6,50,000	13,00,000
2	Production of Vcds of Tourist Attractions of Kerala	17,00,000	34,00,000
3	Onam Festivals	5,00,000	5,00,000
4	Elephant Festivals 2003-2004	5,00,000	5,00,000
5	Malabar Mahotsavam	4,00,000	4,00,000
6	Construction of 8 Nos. of Floating Jetties at Various Points in the Backwaters of Malabar Region	71,60,000	71,60,000
7	Tourist Facilities and Information Counter at Guruvayoor	21,55,000	21,55,000
8	Wayside Facilities at Meppadi	9,00,000	9,00,000
9	Heritage Protection at Kalpathy	1,50,00,000	1,50,00,000
10	Development of House Boat Terminal at Vadikkal	1,20,00,000	1,20,00,000
11	Development of House Boat Terminal at Neeleswaram	1,25,00,000	1,25,00,000
12	Construction of House Boat Terminal at Chettuva	53,00,000	53,00,000
13	Development of Jetty at Iringal (Kanyancode) in Kozhikode	54,59,724	54,59,724
14	Construction of Jetty at Kotti, Kannur	96,34,578	96,34,578
15	Construction of Jetty at Azheekal in Kannur	40,00,000	40,00,000
16	Development of Jetty at Ayittikadavu	37,45,698	37,45,698
17	Development of Marina at Bolghatty Island, Kochi	4,23,00,000	16,95,00,000
	Total	12;39,05,000	25,34,55,000

LIBRARY ARCHIVES Kerala Legislative Assembly

2004—2005

Sl. No.	*Project Name*	*Central Share* ₹	*Total Cost* ₹
(1)	(2)	(3)	(4)
1	India International Boat Show (Events)	15,00,000	15,00,000
2	Development of Handloom Heritage Sector in Balaramapuram Village (Rural Tourism)	50,00,000	68,00,000
3	Tourist Complex at Vagamon, Idukki (HC)	2,38,42,000	2,75,50,000
4	Wayside Amenity Nedumkandam, Idukki (HC)	49,90,000	60,00,000
5	Integrated Tourism Development at Athirappally Waterfall, Thrissur (NC)	3,50,00,000	5,00,00,000
6	Tourist Complex Nilambur, Malappuram (HC)	97,52,000	1,27,00,000
7	Pilgrim Tourist Facilitation Centre at Thirunelly, Wayanad (NC)	50,00,000	76,00,000
8	Tourist Complex Muthanga (Sultan Batheri), Wayanad (HC)	1,46,58,000	1,66,50,000
9	Development of Parassinikadavu, Kannur (HC)	96,65,000	1,16,50,000
10	Tourist Complex at Pythalmala (HC)	1,72,00,000	1,72,00,000
11	Pythalmala Eco-Development Project, Kannur (NC)	50,00,000	60,00,000
12	Art and Craft Village Vizhinjam, Thiruvananthapuram (Destination Development)	5,00,00,000	7,20,12,500
13	Development of Kappad Beach, Kozhikode (NC)	1,50,00,000	1,50,00,000
14	Development of Eco-Tourism in Nilambur, Malappuram (NC)	1,50,00,000	1,50,00,000

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
15	Tented Accommodation in Parambikulam Wildlife Sanctuary, Palakkad (NC)	45,56,000	45,56,000
16	Production of Video CDs (Information Technology)	29,00,000	29,00,000
17	Malabar Mahotsav & Elephant Festival (Fairs & Festival)	5,00,000	5,00,000
18	Production of 5 Video CDs (Information Technology)	21,00,000	42,00,000
	Total	22,16,63,000	27,78,18,500

Revised list of projects sanctioned by Government of India for financial assistance from Government of India during 2005-2006

(₹ in Lakhs)

Sl. No.	*Name of Project*	*Central Share*	*Remarks*
(1)	(2)	(3)	(4)
	1. Destination Development		
1.	Revitalization of Munnar Town	398.85	Sanctioned by Government of India
2.	Development of Thekkinkad Maidan, Thrissur.	489.00	Sanctioned by Government of India
3.	Development of Elephant Park at Punnathur Kotta, Guruvayoor.	349.50	Sanctioned by Government of India
4.	Development of Ponmudi	256.08	Sanctioned by Government of India
	Total	1493.43	

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
	2. Circuit Development		
1.	Development of Beach Circuit (Meenkunnu, Payyambalam, Muzhippilangad, Nattika, Cherai and Shanghumugham)	798.00	Sanctioned by Government of India
2.	Development of Alappuzha Tourism Circuit [Backwater front walkway Punnamada, Floating jetty at Punnamada, Rejuvenation of heritage canal, Development of Backwater Tourism Complex (Alappuzha), Boat Terminal Complex (Alappuzha), Alappuzha Beach Beautification]	800.00	Sanctioned by Government of India
3.	Development of Pilgrim Circuit (Janardhana Swamy Temple Varkala, Oachira Temple Kollam, Ambalapuzha Temple, Parumala Church, Chakkulathukavu Bhagavathi Temple Pathanamthitta, Vallarpadam Church Ernakulam, Vaikom Mahadeva Temple Ernakulam, Cheraman Masjid, Kodungalloor Thrissur, Bharananganam Church, Thirunavaya Temple Malappuram, Kottiyoor Temple Kannur, Ananthapuram Lake Temple Kasargod, Malik Dinar Kasargod, Koodal Manickam Temple Irinjalakuda, Vellayani Devi Temple Thiruvananthapuram, Edathua Church, Chettikulangara Temple, Arattupuzha Temple)	704.45	Sanctioned by Government of India
	Total	2302.45	

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
	3. Large Revenue Generating Project		
	Development of Golf Course at Nedumbassery	1000.00	Sanctioned by Government of India
	4. Information Technology		
	Developing IT based marketing tools for Kerala Tourism	14.00	Sanctioned by Government of India
	Total	**₹ 4809.88 Lakhs**	

LIBRARY ARCHIVES Kerala Legislative Assembly

PROJECTS IN THE PIPELILNE

Special Projects announced by Government of India

(Amount in Lakhs)

Sl. No.	*Name of Project*	*Central Share*	*State Share*	*Total Cost*	*Remarks*
1	International Hospitality Management Institute at Alappuzha	1000	3000	4000	This project is announced by Union Minister for Tourism Smt. Renuka Chowdhuri during the Nehru Trophy Boat Race held on 13-8-2005. Project reports for the above projects will be sub-mittted to Ministry of Tourism, Government of India in this month of January 2006.
2	Ayurvedic Resort & Herbal Garden at Vagamon	1000	3000	4000	Do.
3	Holistic Health Care Resort & Spice Garden at Nelliyampathy	1000	3000	4000	Do.
	Total	3000	9000	12000	

LIBRARY ARCHIVES Kerala Legislative Assembly